# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.4104- 12/11/2019 ലെ മറുപടിക്ക്

**സർക്കാർ ജീവനക്കാർക്കുള്ള ഹയർ ഗ്രേഡ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | ശ്രീ. റ്റി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) 2004, 2009 എന്നീ വർഷങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ശമ്പളം നിർണ്ണയിച്ചശേഷം ഓഡിറ്റ് തടസ്സം കാരണം ശമ്പളക്കുറവ് ഉണ്ടായ ജീവനക്കാർക്ക് മാത്രമായി സമയബന്ധിത ഹയർഗ്രേഡിന് റീ ഓപ്ഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; | ഉണ്ട്. 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൻമേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് സമയബന്ധിത ഹയർഗ്രേഡിന് റീ-ഓപ്ഷൻ അനുവദിച്ചുകൊണ്ട് സ.ഉ(അച്ചടി) നം.129/2019/ധന തീയതി 23.09.2019 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി)എന്ന് മുതലാണ് റീ ഓപ്ഷന് പ്രാബല്യം നൽകുന്നത്; ഓഡിറ്റ് തടസ്സം കാരണം ശമ്പളക്കുറവ് ഉണ്ടായവർക്ക് മാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തുന്നത് എന്തുകൊണ്ടാണ്; അർഹതയുള്ള എല്ലാ ജീവനക്കാർക്കും ഈ ആനുകൂല്യം അനുവദിക്കുമോയെന്ന് | റീ-ഓപ്ഷന് പ്രാബല്യം നൽകുന്നത് റീ-ഓപ്ഷൻ സമർപ്പിക്കുന്ന തീയതി മുതൽക്ക് മാത്രമാണ്.08.08.2008 ലെ 46/2008/ധന സർക്കുലറിലെ ഖണ്ഡിക 11 പ്രകാരം സമയബന്ധിത ഹയർഗ്രേഡുകൾക്ക് ഒരിക്കൽ സമർപ്പിക്കുന്ന ഓപ്ഷൻ അന്തിമവും റീ-ഓപ്ഷൻ അനുവദനീയമല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലെ ഉത്തരവുകളിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നം ശമ്പളം ഫിക്സ് ചെയ്ത് വർഷങ്ങൾക്ക് ശേഷം അന്ന് അനുവദിച്ച ഓപ്ഷൻ തെറ്റാണ് എന്ന് ഓഡിറ്റ് |

| | |
|---|---|
| അറിയിക്കുമോ; | ഒബ്ജക്ഷനിലൂടെ കണ്ടു പിടിക്കുകയും വലിയ തുകകൾ തിരിച്ച് അടയ്ക്കാൻ ആവശ്യപ്പെടുന്ന നിർദ്ദേശങ്ങൾ അനേകം കോടതി വ്യവഹാരങ്ങൾ ഉണ്ടാകുന്നതിനു കാരണമാകുന്നു. ഭരണപരമായി സംഭവിക്കുന്ന തെറ്റിന് ജീവനക്കാരൻ വിലനല്കേണ്ടി വരുന്നു. അതേ സമയം ഇത് ഉണ്ടാക്കുന്ന സാമ്പത്തിക ബാദ്ധ്യതകളും പരിഗണിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് ഒറ്റത്തവണ തീർപ്പാക്കൽ എന്ന രീതിയിൽ 2004, 2009 ശമ്പളപരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പളനിർണ്ണയത്തിൻ മേൽ ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളക്കുറവ് ഉണ്ടായവർക്ക് മാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തി അനുവദിച്ച് നല്കിയത്. |

Snehal ... 

സെക്ഷൻ ഓഫീസർ